**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6685** **11-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. കെട്ടിടങ്ങളുടെ നിർമ്മാണത്തിലെ അപാകതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ വിവിധ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് ധനകാര്യ വകുപ്പിന്റെ പരിശോധന വിഭാഗം ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. എറണാകുളം ഡിപ്പോയിലെ കാരയ്ക്കാമുറി – അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും 12 ബേ ഗ്യാരേജും, ഹരിപ്പാട്, തൊടുപുഴ, കണ്ണൂർ, ചെങ്ങന്നൂർ, മൂവാറ്റുപുഴ ബസ് സ്റ്റേഷൻ യാർഡ് നവീകരണം, മൂവാറ്റുപുഴ ഡിപ്പോയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിലമ്പൂർ, മലപ്പുറം, പത്തനംതിട്ട തുടങ്ങിയ യൂണിറ്റുകൾ എം.എൽ.എ. സ്കീം പ്രകാരമുള്ള നിരവധി കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ഡിപ്പോകളിലെ നിർമ്മാണങ്ങളിലാണ് ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയത്; | (ബി) | ഉണ്ട്. എറണാകുളം ഡിപ്പോയിലെ കാരയ്ക്കാമുറി – അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും 12 ബേ ഗ്യാരേജും, ഹരിപ്പാട്, തൊടുപുഴ, കണ്ണൂർ, ചെങ്ങന്നൂർ, മൂവാറ്റുപുഴ ബസ് സ്റ്റേഷൻ യാർഡ് നവീകരണം, മൂവാറ്റുപുഴ ഡിപ്പോയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിലമ്പൂർ, മലപ്പുറം, പത്തനംതിട്ട തുടങ്ങിയ യൂണിറ്റുകൾ എം.എൽ.എ. സ്കീം പ്രകാരമുള്ള നിരവധി കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | കരാറുകാരെ വഴിവിട്ട് സഹായിച്ചതായി ധനകാര്യ വകുപ്പിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി. യുടെ കീഴിലുള്ള വിവിധ നിർമ്മാണങ്ങളിൽ ഉള്ളതായി പറയപ്പെടുന്ന ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ കീഴിലുള്ള വിവിധ നിർമ്മാണങ്ങൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനും, റിവൈസ്ഡ് എസ്റ്റിമേറ്റുകൾ പരിശോധിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പിലെ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ, CTEയിലെ ടെക്നിക്കൽ എക്സാമിനർ എന്നിവരടങ്ങിയ ഒരു ടെക്നിക്കൽ കമ്മറ്റി രൂപീകരിക്കുവാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ് എന്ന ധനകാര്യ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | പരിശോധനാ വിഭാഗം ശുപാർശ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ